# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1194

03.12.2015 ൽ മറുപടിയ്ക്ക്

## സ്കൂളുകൾക്ക് അംഗീകാരം

**ചോദ്യം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് എത്ര എയ്ഡഡ് സ്കൂളുകൾക്കും എത്ര അൺ എയ്ഡഡ് സ്കൂളുകൾക്കും അംഗീകാരം നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

**ഉത്തരം**

ശ്രീ. പി.കെ. അബ്ദുറബ്ബ്
വിദ്യാഭ്യാസ വകുപ്പുമന്ത്രി

(എ) 2009- ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സിലബസ് പിന്തുടരുന്ന വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നതിനായി സ.ഉ. (കൈ.) നം. 184/13/പൊ.വി.വ. തീയതി 10.06.2013 പ്രകാരം സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതനുസരിച്ച് സ്കൂളുകൾ അംഗീകാരത്തിനായി അപേക്ഷിക്കുകയും ആയത് വിദ്യാഭ്യാസ അധികാരികൾ വിശദമായി പരിശോധന നടത്തി മാനദണ്ഡങ്ങൾ പാലിച്ചിരുന്ന 395 സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ പ്രയാർ ആർ.വി.എസ്.എം. ഹയർ സെക്കന്ററി സ്കൂളിലെ എൽ.പി. വിഭാഗത്തിന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 2015 മാർച്ച് 3 - ലെ സ.ഉ. (കൈ.) നം. 863/2015/പൊ.വി. ഉത്തരവു പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ജില്ലതിരിച്ചുള്ള എണ്ണം ഇപ്രകാരമാണ്.

| | |
|---|---|
| തിരുവനന്തപുരം | - 22 |
| കൊല്ലം | - 37 |
| പത്തനംതിട്ട | - 8 |
| ആലപ്പുഴ | - 12 |
| കോട്ടയം | - 13 |
| ഇടുക്കി | - 18 |
| എറണാകുളം | - 15 |
| തൃശ്ശൂർ | - 26 |
| പാലക്കാട് | - 32 |

| | | |
|---|---|---|
| മലപ്പുറം | - | 80 |
| കോഴിക്കോട് | - | 46 |
| വയനാട് | - | 10 |
| കണ്ണൂർ | - | 29 |
| കാസർഗോഡ് | - | 48 |
| | | ----- |
| ആകെ | | 396 |
| | | ====== |

പാലക്കാട് ജില്ലയിലെ തിരുവേഗപ്പുറ ഗ്രാമപഞ്ചായത്തിലെ ചെമ്പ്ര പ്രദേശത്ത് ഒരു പുതിയ എയ്ഡഡ് യു.പി. സ്കൂൾ ആരംഭി- ക്കുന്നതിന് ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ.ഉ. (കൈ.) നം. 57/15/പൊ.വി. തീയതി 25.2.15 പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

ഇക്കാലയളവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ. പാഠ്യപദ്ധതി പിന്തുട രുന്ന 555 സ്കൂളുകൾക്ക് നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള എണ്ണം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | 56 |
| കൊല്ലം | - | 52 |
| പത്തനംതിട്ട | - | 16 |
| ആലപ്പുഴ | - | 33 |
| കോട്ടയം | - | 44 |
| ഇടുക്കി | - | 23 |
| എറണാകുളം | - | 72 |
| തൃശ്ശൂർ | - | 56 |
| പാലക്കാട് | - | 27 |
| മലപ്പുറം | - | 61 |
| കോഴിക്കോട് | - | 33 |
| വയനാട് | - | 15 |
| കണ്ണൂർ | - | 38 |
| കാസർഗോഡ് | - | 29 |
| | | ----- |
| ആകെ | | 555 |
| | | ====== |

(ബി) സർക്കാർ അനുമതിയില്ലാതെ എത്ര അൺ എയ്ഡഡ് സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു- ണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ വിശദാംശങ്ങൾ ശേഖരിച്ചിട്ടില്ല.

(സി) അനുമതിക്കായി എത്ര അപേക്ഷ കൾ ഇപ്പോൾ സർക്കാരിനുമുന്നി- ലുണ്ടെന്ന് വിശദമാക്കുമോ;

(സി) 2009- ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി

| | | | |
|---|---|---|---|
| | | | സംസ്ഥാന സിലബസ് പിന്തുടരുന്ന വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നതിനായി സ.ഉ. (കൈ.) നം. 184/13/പൊ.വി.വ. തീയതി 10.06.2013 പ്രകാരം സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതനുസരിച്ച് സ്കൂളുകൾ അംഗീകാരത്തിനായി ബന്ധപ്പെട്ട വിദ്യാഭ്യാസ അധികാരികൾ മുഖേന അപേക്ഷിക്കുകയും ആയത് വിദ്യാഭ്യാസ അധികാരികൾ വിശദമായി പരിശോധന നടത്തി മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകളുടെ ലിസ്റ്റ് പൊതു വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്കാണ് അംഗീകാരം നൽകുന്ന കാര്യം സർക്കാർ തലത്തിൽ പരിഗണിക്കുന്നത്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ എത്ര സ്കൂളുകൾ ഏറ്റെടുത്തെന്നും എത്ര സർക്കാർ സ്കൂളുകൾ ആരംഭിച്ചെന്നും വിശദമാക്കാമോ? | (ഡി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ